(സി) 29-11-2002-ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം നിയമാനുസൃത കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി 30-12-2002-ൽ സഹകരണ വകുപ്പു സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് പുതിയതായി രജിസ്റ്റർ ചെയ്ത അൺലൈസൻസ്ഡ് അർബൻ ബാങ്കുകളെ അർബൻ സഹകരണ സംഘങ്ങളായി പരിവർത്തനം ചെയ്യാനും അതിൻ പ്രകാരം നിയമാവലികൾ ഭേദഗതി ചെയ്യാനും തീരുമാനിച്ചു. ഇതു നടപ്പാക്കാനായി ബന്ധപ്പെട്ടവർക്ക് രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

കാർഷികവികസന ബാങ്കും കാർഷിക ഗ്രാമവികസന ബാങ്കും

149 [603] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കാർഷികവികസന ബാങ്കുകൾ ഉണ്ടെന്നും, അവ ഓരോന്നിന്റെയും പ്രവർത്തന പരിധി ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവന്ന ഏതെങ്കിലും കാർഷികവികസന ബാങ്ക് ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനകം ലിക്വിഡേറ്റ് ചെയ്തവ ഏതൊക്കെയെന്നും; ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചത് ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെങ്കിലും കാർഷിക ഗ്രാമവികസന ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ അവ ഏതൊക്കെയെന്നും പുതുതായി രജിസ്റ്റർ ചെയ്ത എത്ര ബാങ്കുകൾക്ക് സംസ്ഥാന കാർഷികവികസന ബാങ്ക് അഫിലിയേഷൻ നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാന കാർഷികവികസന ബാങ്കിൽ അഫിലിയേഷനുള്ള പ്രൈമറി ബാങ്കുകളുടെ പേരും അഫിലിയേഷൻ നൽകിയ തീയതിയും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രാർ പ്രവർത്തനം അവസാനിപ്പിച്ച കാർഷിക ഗ്രാമവികസന ബാങ്കുകൾ ഏതെല്ലാമാണ്; ഏതെല്ലാം തീയതി മുതലാണ് പ്രവർത്തനം അവസാനിപ്പിച്ചത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 50 എണ്ണം പേരും, പ്രവർത്തന പരിധിയും വിശദവിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) താഴെ ചേർത്തിരിക്കുന്ന 4 എണ്ണം ഇതിനകം ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്.

1. മല്ലപ്പള്ളി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം.

2. തിരൂരങ്ങാടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ എം. 529.

3. നിലമ്പൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. എം. 527.

4. കാഞ്ഞിരപ്പള്ളി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. കെ. 952.

കൊട്ടാരക്കര, അടൂർ, ചങ്ങനാശ്ശേരി, ചാവക്കാട്, പറവൂർ, കോതമംഗലം, കൊച്ചി എന്നീ ഗ്രാമവികസന ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) പേരു വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. † സംസ്ഥാന കാർഷിക വികസന ബാങ്ക് അഫിലിയേഷൻ നൽകിയ തീയതി ശേഖരിച്ചു വരുന്നു.

(ജി) 1997-ൽ രജിസ്റ്റർ ചെയ്യുകയും പ്രവർത്തനരഹിതവുമായിരുന്ന ചുവടെ ചേർക്കുന്ന പ്രാഥമിക ബാങ്കുകൾ ഇതിനകം ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്.

1. മല്ലപ്പള്ളി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (4-2-2004).

2. തിരൂരങ്ങാടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (3-3-2004).

3. നിലമ്പൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (30-3-2004).

4. കാഞ്ഞിരപ്പള്ളി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (3-9-2003).

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly